പതിനാലാം കേരളനിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1076 — 05/03/2020 മറുപടിയ്ക്ക്

## സ്കൂളുകളിൽ നഷ്ടപ്പെടുന്ന അധ്യയന മണിക്കൂറുകൾ വീണ്ടെടുക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ഡോ.എൻ. ജയരാജ് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പണിമുടക്ക്, ഹർത്താൽ, പ്രകൃതിക്ഷോഭം എന്നിവ മൂലം പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അധ്യയന മണിക്കൂറുകൾ നഷ്ടപ്പെടുന്നത് വീണ്ടെടുക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) പ്രകൃതിക്ഷോഭവും മറ്റുമായി അധ്യയന ദിനങ്ങൾ നഷ്ടപ്പെട്ട ജില്ലകളിൽ, നഷ്ടപ്പെട്ട അധ്യയനദിനങ്ങൾ വീണ്ടെടുക്കുന്നതിനായി അധിക സമയം കണ്ടെത്തി പഠന പ്രവർത്തനങ്ങൾ പൂർത്തീകരിക്കണമെന്ന നിർദ്ദേശം എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നൽകിയിരുന്നു. |
| (ബി) ആയിരം മണിക്കൂർ പഠനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ശനിയാഴ്ചകളിൽ ക്ലാസുകൾ നടത്താറുണ്ടോ; | (ബി) അധ്യയന മണിക്കൂർ പൂർത്തീകരിക്കുന്നതിനായി ചില ശനിയാഴ്ചകളിൽ ക്ലാസ് നടത്തിയിട്ടുണ്ട്. |
| (സി) അപ്രകാരം നടത്തുന്ന ക്ലാസ്സുകളിൽ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പൂർണ്ണ സാന്നിദ്ധ്യം ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ടോ; | (സി) സാധിച്ചിട്ടുണ്ട് |
| (ഡി) ശനിയാഴ്ച ക്ലാസിന് പകരം തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിൽ രാവിലെയും വൈകിട്ടും അര മണിക്കൂർ വീതം അധ്യയനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) നിലവിൽ പരിഗണനയിലില്ല. |
| (ഇ) വൈദ്യുതി, വാഹനം എന്നിവയുടെ ചെലവ് വർദ്ധിക്കാതിരിക്കാനും ഇത് സഹായിക്കുമെന്നതിനാൽ പ്രത്യേക പരിഗണന നല്കാമോ; വിശദമാക്കുമോ? | (ഇ) ബാധകമല്ല. |

സെക്ഷൻ ഓഫീസർ